# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.12/150/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.12/150/2023 തീയ്യതി: 13/04/2023

## എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 03-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-01-2023 | 03-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ധീരജ് ജെ., ഓഡിറ്റ് ഓഫീസർ

ശ്രീമതി ടെസി എം., ഓഡിറ്റ് ഓഫീസർ

ശ്രീ. സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രശ്മി അനിൽകുമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ ഷിബു.എം.കെ | സെക്രട്ടറി | 01-04-2021 | 01-08-2021 |
| ശ്രീ പ്രസാദ്.ടി.എസ് | സെക്രട്ടറി | 02-08-2021 | 25-12-2021 |
| ശ്രീ ജെയിൻ വർഗ്ഗീസ് പാത്താടൻ | സെക്രട്ടറി | 26-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെസീന്ത.കെ.പി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സ്മിത.കെ.ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ ശോഭ | മെഡിക്കൽ ഓഫിസർ,പിഎച്ച്.സി മൂത്തകുന്നം | 01-04-2021 | 31-03-2022 |
| ഡോ കെ.ബി.അനിൽകുമാർ | മെഡിക്കൽ ഓഫിസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ജിബിൻ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി സൂലേഖ.എം.എൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഫിലോമിന ടീന | ഐ.സി.ഡിഎസ്. സൂപ്പർവൈസർ | 01-04-2021 | 20-11-2021 |
| റെസിയ | ഐ.സി.ഡിഎസ്. സൂപ്പർവൈസർ | 21-11-2021 | 31-03-2022 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ മധു | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ.നസിയ റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീലിയ.എ | എച്ച്.എം. | 01-04-2021 | 06-12-2021 |

| | | | |
|---|---|---|---|
| സലാം | എസ്.എൻ.വി.എൽ.പി.സ്കൂൾ | | |
| ശ്രീ സാബു | എച്ച്.എം. എസ്.എൻ.വി.എൽ.പി.സ്കൂൾ | 07-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 1-11 |
| 13 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല- | 1-12 |
| 14 | വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി- | 1-13 |
| 15 | വാടക - ബൈലോ, പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ വാടക രജിസ്റ്റർ, ലേലരജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. | 1-14 |
| 16 | ആർജിതാവധി പണമാക്കി മാറ്റി | 1-15 |
| 17 | ഉപയോഗമില്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കുറവ് ചെയ്യാതെ വാട്ടർ അതോറിറ്റിയിൽ മുഴുവൻ ടാപ്പുകളുടെയും തുക അടവാക്കുന്നു. | 1-16 |
| 18 | സാക്ഷരതാ പ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം തിരികെ ലഭ്യമായിട്ടില്ല | 1-17 |
| 19 | ഒഡിഎഫ് പ്ലസ് - ക്വട്ടേഷൻ വിളിക്കാതെ ബോർഡുകൾ സ്ഥാപിച്ചു | 1-18 |
| 20 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പഴയ വെർഷനിൽ ഉള്ള ലാപ്ടോപ്പ് വാങ്ങി | 1-19 |
| 21 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുകകൾ നൽകി - മരുന്ന് ലഭിച്ചില്ല. | 1- 20 |
| 22 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 23 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല.(ഐകെഎം) | 1-22 |
| 24 | ലാപ്ടോപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-23 |
| 25 | തെരുവ് വിളക്ക് പരിപാലന പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-24 |
| 26 | എസ്.എസ്.കെ.-ക്ക് വിഹിതം നൽകൽ | 1-25 |

| | | |
|---|---|---|
| 27 | മരാമത്ത് പ്രവൃത്തികളുടെ പൊതു ന്യൂനതകൾ | 1-26 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.02.21 തീയതിയിലെ 1/1 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് - 17.03.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 8370829 | 34508466 | (+) 26137637 |
| വരവ് | 279952606 | 92876328 | -187076278 |
| ആകെ | 288323435 | 127384794 | -160938641 |
| ചെലവ് | 286307491 | 106100581 | -180206910 |
| നീക്കിയിരിപ്പ് | 2015944 | 21284213 | (+) 19268269 |

ബജറ്റ് യുക്തിസഹവും യതാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിലും തയ്യാറാക്കുവാൻ ശ്രമിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.22 | 03.05.22 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)സ്ഥാപന തൊഴിൽനികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നിവയുടെ രജിസ്റ്ററുകളിൽ ഡി.സി.ബി. സംഗ്രഹം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലുള്ള ഈയിനത്തിലെ വരവുകളുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞില്ല.

4)2019-20 വർഷം പലിശ ഇനത്തിൽ വരവ് വന്ന 39861/-രൂപ വാർഷിക ധനകാര്യ പത്രികയിൽ കെ.യു.ആർ.ഡി.എഫ്.സി ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിനാൽ, 2020-21 വർഷം ലോൺ അക്കൗണ്ടിലെ തിരിച്ചടക്കുവാനുള്ള ബാക്കി തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34508466 |
| വരവ് | 92876328 |
| ആകെ | 127384794 |
| ചെലവ് | 106100581 |
| നീക്കിയിരിപ്പ് | 21284214 |
| വരവ് ഇനത്തിൽ നഷ്ടം | 1570 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2097100 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13016266 | 13016266 | 13016266 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3561861 | 3561861 | 3241334 | | 320527 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 137061 | 137061 | 121000 | | 16061 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7532000 | 7532000 | 6209716 | 1322284 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7866002 | 7866002 | 4132095 | 3733907 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5141841 | 5141841 | 3414409 | 1625932 | 101500 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11786180 | 11786180 | 4398800 | 4797000 | 2590380 |
| ICDS | 1082801 | 897651 | 1980452 | 584551 | 1395901 | |
| സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 85280 | 0 | 85280 | 84000 | 1280 | |
| ടോട്ടൽ സാനിറ്റേഷൻ ഫണ്ട് | 1906 | 0 | 1906 | 0 | 1906 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്-320 00 199 വിമുക്തി | 50600 | 0 | 50600 | 0 | 50600 | |
| LIFE State ഷെയർ | 2662476 | 3400000 | 6062476 | 0 | 6062476 | |
| ശുചിത്വ മിഷൻ ഫണ്ട് | 2817333 | 202804 | 3020137 | 3019300 | 837 | |
| സാക്ഷരത | 8409 | 246 | 8655 | 0 | 8655 | |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 8317466/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും 58666/- രൂപയും ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 127906454 | 81 | 63468985 | 33 | 32 | 55.479 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8479 | 980806 | 989285 | 988602 | 683 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 37942956 | 37942956 | 37942956 | 0 |
| ആകെ | 8479 | 38923762 | 38932241 | 38931558 | 683 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 975600 | 55 |
| വിധവാപെൻഷൻ | 22266000 | 1502 |
| വാർദ്ധക്യകാലപെൻഷൻ | 49142200 | 3931 |
| വികലാംഗപെൻഷൻ | 5764400 | 373 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 3547200 | 226 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.02.2023 ൽ 3.00 പി.എം ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തി. ഡേ ബുക്ക് പ്രകാരം, 8367/- രൂപ ഫ്രണ്ടോഫീസ് മുഖേന ക്യാഷ് കളക്ഷൻ കാണുന്നുണ്ടെങ്കിലും 3021/-രൂപ മാത്രമാണ് പരിശോധനയിൽ ചെസ്റ്റിൽ കണ്ടത് . ഫ്രണ്ടോഫീസ് മുഖേന പിരിച്ചെടുത്ത 8367/- രൂപയിൽ ബാക്കിയുള്ള തുകയായ 5346/- രൂപയുടെ വ്യത്യാസത്തിന്റെ വിശദീകരണത്തിനായി എൻക്വയറി(നം.8/02.02.2023) നൽകി. ജോലി സംബന്ധമായും മറ്റുമുള്ള തിരക്കുമൂലം നേരിട്ട് പഞ്ചായത്തോഫീസിൽ വന്ന് നികുതി അടയ്ക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും , വെബ്സൈറ്റ് വഴി നികുതി ഒടുക്കാൻ സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതിനാലും ഗൂഗിൾ പേ പോലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് നികുതിദായകർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നികുതി പിരിവ് 100% ആക്കുകയെന്ന സദുദ്ദേശത്തോടുകൂടി ഔട്ട് ഡോർ കളക്ഷന് ചുമതലപ്പെടുത്തിയിട്ടുള്ള വാർഡ് ക്ലർക്കുമാരുടെ ഗൂഗിൾ പേ നമ്പറിലേക്ക് നികുതിതുക ട്രാൻസ്ഫർ ചെയ്തതിനാലാണ് മുകളിൽ പറഞ്ഞിരിക്കുന്ന വിധത്തിൽ വ്യത്യാസമുണ്ടായതെന്നും, ടി തുക ഫ്രണ്ടോഫീസിൽ അന്നേ ദിവസം (02.02.2023)തന്നെ അടവാക്കി നികുതിദായകർക്ക് രസീത് നൽകുകയും ചെയ്തുവെന്നും മറുപടി നൽകിയിട്ടുണ്ട്. ഫ്രണ്ടോഫീസ് മുഖേനയും ഗൂഗിൾ പേ മുഖേനയും 02.02.2023-ൽ പിരിച്ചെടുത്ത 9610/- രൂപയുടെ കൃത്യത പരിശോധനയിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടു. ഗൂഗിൾ പേ സംവിധാനം വഴി പണം പിരിവ് നടത്തുന്നതിന് സർക്കാർ അംഗീകാരമില്ലാത്തതിനാൽ അത്തരം സംവിധാനങ്ങളിലൂടെയുള്ള പണം പിരിവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. സർക്കാർ അനുമതിയില്ലാത്ത സംവിധാനങ്ങളിലൂടെ പണം പിരിവ് നടത്തരുതെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

1-9 ആഭ്യന്തരനിയന്ത്രണം

1.പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഏറെക്കുറെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച 146 പദ്ധതികളിൽ ഭാഗികമായി പൂർത്തിയാക്കിയവയുൾപ്പെടെ 114 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ സൂക്ഷിച്ചതായി കാണുന്നില്ല.

2.ഗ്രാമസഭ : മൂന്ന് ഗ്രാമസഭകളും പദ്ധതി രൂപീകരണ ഗ്രാമസഭയും ചേർന്നിട്ടുണ്ട്. മിനട്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

3.തെരുവ് വിളക്ക് രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ ഇനം, ലൈറ്റുകൾ സ്ഥാപിച്ച തീയതി, റീപ്ലേസ്മെന്റ് വാറന്റി സമയപരിധി, സർവീസ് വാറന്റി കാലാവധി എന്നിവ തെരുവ് വിളക്കുകളുടെ രജിസ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.പരാതി രജിസ്റ്റർ: തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3 /2011/തസ്വഭവ തീ.15.09.11 പ്രകാരം തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ കാണുന്നില്ല. പരിശോധിക്കപ്പെടേണ്ടതാണ്.

5. ധനകാര്യ വകുപ്പിന്റെ 22.01.2018-ലെ സർക്കുലർ നം.എസ്.എഫ്.സി-ബി2-/53/2017/ധന പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. മരണപ്പെട്ട പെൻഷൻ

ഗുണഭോക്താക്കളെ സേവനയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6.രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല .

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളുടെ ഫയലുകളിൽ പദ്ധതി നിർവഹണരേഖകൾ സ്പിൽ ഓവർ പദ്ധതികളുടെ അംഗീകാരം സംബന്ധിച്ച രേഖകൾ, പ്രൊജക്ട്, ടെണ്ടർ ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാനം, സെലക്ഷൻ നോട്ടീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് /പെർഫോമൻസ് ഗ്യാരന്റി ഒടുക്കിയതിന്റ വിവരം, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖ, സപ്ലിമെന്ററി എഗ്രിമെന്റ്, കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖ മുതലായവ പൂർണ്ണമായും സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.09.2022 | 01.04.22 മുതൽ 31.08.22 വരെ | 15.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.16 | 2011-12 മുതൽ 2015-16 വരെ | 27.08.2016 |

1-11 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2021-22 സാമ്പത്തിക വർഷത്തിൽ കാത്തലിക് സിറിയൻ ബാങ്ക്, ഉളുത്തിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിൽ 1570/-രൂപ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

1-12 തൊഴിൽനികുതി ഈടാക്കിയിട്ടില്ല-

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1)(ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എന്നാൽ താഴെപ്പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. അസിസ്റ്റന്റ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കരാറുകാർ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്. എന്നാൽ ഇവർക്ക് നോട്ടീസ് നൽകി അർദ്ധ വാർഷിക വരുമാനം പരിശോധിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1. | ശ്യാം കെ. റ്റി. |
| 2. | ഷൈൻ എ. വില്യംസ് |
| 3. | രാഗേഷ് കെ.എം. |
| 4. | പി.എൻ. ബനഡിക്ട് |
| 5. | പി.വി. സുനിൽബാബു |
| 6. | ജിതിൻ രാധാകൃഷ്ണൻ |
| 7. | സി.സി. ജോബി |
| 8. | ഒ. പി. ബിജു |
| 9. | ബി.എസ്. അനീഷ് |

2. ഗ്രാമപഞ്ചായത്തിന്റെ സി.ഡി.എസ്. അക്കൗണ്ടന്റ്, സാന്ത്വന പരിചരണം പദ്ധതിയിലെ പാലിയേറ്റീവ് കെയർ നഴ്സ് എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
ഇതിനോടനുബന്ധിച്ച് എൻക്വയറി(നം.3/02.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-13 വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി-

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 50 രൂപ/ച.മീറ്ററാണ് വസ്തുനികുതി നിരക്കായി വടക്കേക്കര ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള ലൈസൻസാണ് നൽകിയിരിക്കുന്നത്. എന്നാൽ ഇവരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/03.02.2023)കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| ക്രമനം. | കെട്ടിട നം./ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന നികുതി നിരക്ക് |
|---|---|---|---|---|
| 1. | 5/156<br>ഷാജി തട്ടാരുപറമ്പിൽ, മൂത്തകുന്നം. | 124.5 | 6 | 50 |
| 3. | 6/514 ബി<br>ഷംസുദ്ദീൻ, എറമംഗലത്ത്, കണ്ടംകുളം പി.ഒ. | 100.17 | 30 | 50 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളെ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന, അവയുൾപ്പെടുന്ന ശരിയായ നിരക്കിലുള്ള വിഭാഗത്തിൽപ്പെടുത്തി, വസ്തുനികുതിനിരക്ക് പുതുക്കി നിശ്ചയിച്ച് , ലൈസൻസ് രജിസ്റ്റർ പ്രകാരം, വാണിജ്യാവശ്യത്തിനുള്ള നികുതി നിലവിൽ വന്ന കാലയളവ് മുതലുള്ള തുക ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക - ബൈലോ, പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ വാടക രജിസ്റ്റർ, ലേലരജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

വടക്കേക്കര ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1). കൂടാതെ മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് (ചട്ടം7(1)) ചമയ്ക്കേണ്ടതും, അതിൽ വാടക കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി മുതലായ അവശ്യവിവരങ്ങളെല്ലാം രേഖപ്പെടുത്തേണ്ടതുമാണ്. വാടക രജിസ്റ്ററും (വാടക കെട്ടിട നമ്പർ, മാസവാടക, തീയതി മുതലായവ) ലേല രജിസ്റ്ററും പൂർണ്ണമായ വിവരങ്ങൾ ഇൻഡെക്സ് സഹിതം രേഖപ്പെടുത്തി അടുത്ത ഓഡിറ്റ് സമയത്ത് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 ആർജിതാവധി പണമാക്കി മാറ്റി

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ജി ഒ (പി) നമ്പർ 104/2021, 26.7.2021 പ്രകാരമുള്ള ഉത്തരവനുസരിച്ച് 1.6.2021 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് ആർജിതാവധി പണമാക്കൽ അടുത്ത 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളത്.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന 8 ജീവനക്കാർ അവരുടെ 30 ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൌച്ചർ നം/ ചെക്ക് നമ്പര് തീയതി |
|---|---|---|---|---|
| 1 | ശ്രീമതി ജസീന്ത കെ പി | അസി:സെക്രട്ടറി | 74148 | 22100230/3.6.21 |
| 2 | ശ്രീമതി സിന്ധു എസ് | ജൂനിയർ സൂപ്രണ്ട് | 59829 | |

| | | | | |
|---|---|---|---|---|
| 3 | ശ്രീമതി ഷബീന എം എച്ച് | അക്കൗണ്ടന്റ് | 57054 | |
| 4 | ശ്രീ ശ്രീകാന്ത് ഇ സി | സീനി.ക്ലർക്ക് | 50616 | |
| 5 | ശ്രീ സിജ്ജ കെ എ | സീനി.ക്ലർക്ക് | 44733 | |
| 6 | ശ്രീമതി രമ്യ പി ആർ | സീനി. ക്ലർക്ക് | 44733 | |
| | ശ്രീ ഷിബു എം കെ | സെക്രട്ടറി | 75924 | 22000259/10.6.21 |
| | ആകെ | | 407037 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി തുക ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു.

സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 02.02.23 – ൽ 5-ാം നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത ഉത്തരവ് വരുന്നതിന് മുൻപേ ആർജിതാവധി പണമാക്കിയെന്നും പ്രസ്തുത ഉത്തരവിൽ തുക തിരികെ അടക്കുന്നതിന് നിർദ്ദേശം ഇല്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. 01.06.21 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് 26.07.2021 – ലെ ഉത്തരവ് എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. ഈയിനത്തിൽ ചെലവാക്കിയ 407037/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 ഉപയോഗമില്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കുറവ് ചെയ്യാതെ വാട്ടർ അതോറിറ്റിയിൽ മുഴുവൻ ടാപ്പുകളുടെയും തുക അടവാക്കുന്നു.

വടക്കേക്കര ഗ്രാമപഞ്ചായത്തിൽ 397 പൊതുടാപ്പുകൾ നിലവിലുള്ളതായി കാണിച്ച് ആകെ 182388/- രൂപ നിരക്കിൽ എല്ലാ മാസവും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും ആയത് വാട്ടർ അതോറിറ്റി, ആലുവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേർക്ക് എല്ലാ മാസവും പഞ്ചായത്ത് നൽകി വരികയും ചെയ്യുന്നുണ്ട്. മുൻകാലങ്ങളിലെല്ലാം പഞ്ചായത്ത് അധികാരികൾ വ്യക്തിഗത കുടിവെള്ള കണക്ഷൻ പദ്ധതി ആവിഷ്കരിക്കുകയും ഗുണഭോക്താക്കൾക്ക് അതിനുവേണ്ടി തുകകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജൽജീവൻ പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട് എന്ന് കണക്കാക്കാവുന്നതാണ്. എന്നിട്ടും പൊതുടാപ്പുകളുടെ എണ്ണം നിലവിലുണ്ടായിരുന്നതു പോലെ തന്നെ പഞ്ചായത്തിൽ നിന്നും അടക്കേണ്ടി വരുന്നത് മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാവുന്ന തുകയിൽ കുറവ് വരുന്നുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് 02.02.23 ൽ 7-ാം നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ അതോറിട്ടിയുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഉപയോഗമില്ലാത്ത പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കി ആയത് കുറവ് ചെയ്യാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ ഫണ്ട് അനാവശ്യമായി ചെലവഴിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-17 സാക്ഷരതാ പ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം തിരികെ ലഭ്യമായിട്ടില്ല

സാക്ഷരതാ പ്രേരക് മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് 26.02.2021 –ലെ ജി ഒ (ആർ ടി) 626/2021/തസ്വഭവ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ സാക്ഷരതാ പ്രേരകിന് 2020 ഡിസംബർ മുതൽ മാർച്ച് 2021 വരെയുള്ള ഓണറേറിയം 2021 - 2022 വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| വൌച്ചർ നമ്പർ , തീയതി | തുക | മാസം | തുക കൈപ്പറ്റിയ പ്രേരകിന്റെ പേര് |
|---|---|---|---|
| 22100081/ 28.4.21 | 19840 | 12/20, 1/21, 2/21 | ശ്രീമതി ഷീബഎം ആർ |
| | 25728 | 12/20, 1/21,2/21 | ശ്രീമതി പുഷ്പലത |
| 22100365/6.7.21 | 6400 | 3/21 | ശ്രീമതി ഷീബഎം ആർ |
| | 9600 | 3/21 | ശ്രീമതി പുഷ്പലത |

| | | |
|---|---|---|
| ആകെ | 61568 | |

ഇപ്രകാരം നൽകിയ തുക സാക്ഷരതാ മിഷനിൽനിന്നും തിരികെ ലഭ്യമായിട്ടില്ല എന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷരത മിഷനിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ആയത് തനത് ഫണ്ടിൽ തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഒഡിഎഫ് പ്ലസ് - ക്വട്ടേഷൻ വിളിക്കാതെ ബോർഡുകൾ സ്ഥാപിച്ചു

ശ്രീമതി രഞ്ജിത റെജി, മഞ്ഞപ്ര എന്ന വ്യക്തി ഒഡിഎഫ് പ്ലസ് പദ്ധതിക്ക് വേണ്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജി ഐ ഷീറ്റിൽ ബോർഡ് സ്ഥാപിച്ച ഇനത്തിലെ തുക നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 11655/- രൂപ ബിൽ നമ്പർ 22101050/3.1.22പ്രകാരം തനത് ഫണ്ടിൽനിന്നും ടിയാളുടെ മഞ്ഞപ്ര ശാഖയിലെ എസ്ബിഐ -യുടെ 39941767913 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ആകെ 5 ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 2385/- രൂപയുടെ ഒരു ബോർഡ്, 4545 /-രൂപയുടെ ഒരു ബോർഡ് 1575/- രൂപയുടെ 3 ബോർഡ് എന്നിങ്ങനെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഇൻവോയ്സ് ലഭ്യമാക്കിയിരിക്കുന്നത് അജന്ത ഡിജിറ്റൽസ്, സി എം റോഡ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ പേരിലാണ്. ഇതിനായി ക്വട്ടേഷൻ വിളിച്ചിട്ടുള്ളതായി കാണുന്നില്ല. ആയത് സംബന്ധിച്ച് 6/02.02.2023 നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ സ്ഥാപനം 5000/-രൂപ യിൽ അധികരിക്കാത്ത മൂന്ന് ബില്ലുകൾ ആയാണ് തുക നൽകിയതെന്നും 5000/-രൂപയ്ക്ക് താഴെയായത് കൊണ്ടാണ് ക്വട്ടേഷൻ വിളിക്കാതിരുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ക്വട്ടേഷൻ ഒഴിവാക്കുന്നതിനായാണ് ഒരേ പ്രവൃത്തി 3 ബില്ലുകളാക്കിയതെന്ന് വ്യക്തമാണ്. സമീപത്തുള്ള മറ്റു പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഈ സ്ഥാപനം തന്നെ ഇപ്രകാരം 11655/- രൂപയുടെ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉദാ:ശ്രീമൂലനഗരം, കുന്നുകര മുതലായ ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ മിഷനിൽ നിന്നും ഏർപ്പെടുത്തിയ പ്രകാരമാണ് ഈ സ്ഥാപനം ബോർഡുകൾ വെച്ചത് എന്ന് പഞ്ചായത്തുകൾ വ്യക്തമാക്കിയിട്ടുണ്ട്. ക്വട്ടേഷൻ വിളിക്കാതെ ബോർഡുകൾ സ്ഥാപിച്ചതിനാൽ ഈയിനത്തിൽ ചെലവാക്കിയ 11655/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-19 സർക്കാർ ഉത്തരവിന് വിരുദ്ധമായി പഴയ വെർഷനിൽ ഉള്ള ലാപ്ടോപ്പ് വാങ്ങി

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 57 ആയി എസ് സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് എന്ന പദ്ധതിയിൽ ബിൽ നമ്പർ 211103520129012901457513, തീയതി 25.3.22 പ്രകാരം 347400 രൂപക്ക് 9 ലാപ്ടോപ് ആഡ്കോം സിസ്റ്റംസ് എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങിയിട്ടുണ്ട്. ജെം മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. 28.2.2022 – ലെ ജി ഒ (ആർ ടി) 482/2022/LSGD നമ്പർ ഉത്തരവ് പ്രകാരം ലാപ്ടോപ്പിന്റെ ഓപ്പറേറ്റിംഗ് സിസ്റ്റം ഉബുണ്ടു 20 വെർഷൻ ആയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജെം മുഖേന വാങ്ങൽ നടത്തിയപ്പോൾ കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ ആഡ്കോം സിസ്റ്റത്തിന്റെ 15.3.22 – ജെം ടെണ്ടറിൽ കാണിച്ചിരിക്കുന്ന വെർഷൻ ഉബുണ്ടു 16.04 Or Later എന്നാണ്. ഇൻവോയ്സിൽ ഇതിന്റെ സ്പെസിഫിക്കേഷൻ നൽകിയിട്ടില്ല. അതേ സമയം പറവൂർ ബ്ലോക്ക് പഞ്ചായത്ത് ഐകെഎം ടെക്നിക്കൽ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തിയും വടക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തിയും ഈ ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ സർക്കാർ ഉത്തരവിലുള്ളത് പോലെയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പഴയ വെർഷനിൽ ഉള്ള ലാപ് ടോപ്പ് പുതിയ വെർഷനിൽ ഉള്ളതാണെന്ന് ഐകെഎം സ്റ്റാഫ് സാക്ഷ്യപ്പെടുത്തിയതിന്റെയും സർക്കാർ ഉത്തരവിന് വിരുദ്ധമായി പഴയ വെർഷനിൽ ഉള്ള ലാപ്ടോപ്പ് വാങ്ങിയതിന്റെയും കാരണം വിശദമാക്കേണ്ടതാണ്.

1- 20 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുകകൾ നൽകി - മരുന്ന് ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ സി എച്ച് സി മൂത്തകുന്നം നിർവ്വഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകക്കുള്ള മരുന്നുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. തുക നൽകിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ബിൽനമ്പർ തീയതി | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ തുക |
|---|---|---|
| 191 സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 21110352013401325890 /15.3.22 | 300000 |

| | | |
|---|---|---|
| “ | 21110352013401436509 /24.3.22 | 100000 |
| 153 പാലിയേറ്റിവ് കെയർ | 21110352013401062775 /5.2.22 | 99995 |
| 17പാലിയേറ്റിവ് കെയർ | 21110352013400600434 /3.11.2021 | 113560 |
| | ആകെ | 613555 |

കൂടാതെ 21110352013400957441/17.1.22 പ്രകാരം 18030/- രൂപ 85601011000631 നമ്പർ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുക ഏത് ഇൻവോയ്സ് പ്രകാരമുള്ള മരുന്നിന്റേതാണെന്ന് വ്യക്തമല്ല.

മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. പാലിയേറ്റീവ് പദ്ധതിയിൽപ്പെടുന്ന വ്യക്തികൾക്ക് അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നതിനാൽ സമയത്ത് അവ ലഭിച്ചില്ലെങ്കിൽ ഉദ്ദേശ്യം ഫലപ്രാപ്തിയിൽ എത്താൻ ഇടയില്ല.

മേൽപ്പറഞ്ഞത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് 01.02.2023 – ൽ 2 -ാം നമ്പർ ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല.

മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 613555/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നം: 90/22

പ്രൊജക്ടിന്റെ പേര്: ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ.

നിർവ്വഹണം. മെഡിക്കൽ ഓഫീസർ, ഹോമിയോ.

അടങ്കൽ : 300000/-(എംജി.നോൺറോഡ്)

ചെലവ് നം : 300000/-രൂപ.

ബിൽ നം :1066077 തീ.5.2.2022 : 300000/-

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുകളിൽ പറഞ്ഞ പ്രകാരം 'ഹോംകോക്ക്' തുക നൽകിയിട്ടുണ്ട്. (PFNo.1429/31.1.22 : 300000/-) എന്നാൽ 177550/- രൂപയുടെ മരുന്നുകൾ മാത്രമേ ഓഡിറ്റ് വർഷം ലഭ്യമായിട്ടുള്ളൂ. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.12/3.2.23) നൽകിയിട്ടുണ്ട്. 122450/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് അവ സ്റ്റോക്കിൽ എടുത്ത് രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനിയോഗ വിവരം ലഭ്യമായിട്ടില്ല.(ഐകെഎം)

ഐ.കെ.എം. ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 4/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തിയ്യതി | 3000305466/13.08.21 |
| തുക | 71208/- |

ഇതു സംബന്ധിച്ച് 03.02.2023 ൽ 15-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 71208/- തടസ്സപ്പെടുത്തുന്നു.

## 1-23 ലാപ്ടോപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം: 196/22

പ്രൊജക്ടിന്റെ പേര്: മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്.

നിർവ്വഹണം. എസ്.ഐ. ഫിഷറീസ്.

അടങ്കൽ : 207000/-(ധന.ക.അ.)

ചെലവ് നം : 207000/-രൂപ.
വൗച്ചർ നമ്പർ/ടി.ആർ.എൻ.നം. 24196/30.03.2022

മേൽ പദ്ധതി പ്രകാരം 5 പേർക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനായി വാങ്ങുകയുണ്ടായി. എന്നാൽ നാല് പേർക്ക് മാത്രമേ വിതരണം ചെയ്യുള്ളൂ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുകയുണ്ടായി. വിതരണ/കൈപ്പറ്റ് വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ആയതും നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/03.02.2023) മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതെ ബാക്കി വന്ന ലാപ് ടോപ്പിന്റെ വിനിയോഗ വിവരം വ്യക്തമാക്കേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യത്തിന് ഗുണഭോക്താക്കൾ ഉണ്ടോ എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഒരു ലാപ് ടോപ്പ് വിതരണം ചെയ്തിട്ടില്ലാത്തതിനാൽ ആയതിന്റെ വിലയായ 41400/-രൂപ തടസ്സപ്പെടുത്തുന്നു.

1-24 തെരുവ് വിളക്ക് പരിപാലന പദ്ധതി നിർവ്വഹണത്തിൽ ന്യൂനതകൾ.

| | |
|---|---|
| പദ്ധതി നം | 26/22. |
| പദ്ധതി | തെരുവ് വിളക്ക് റിപ്പയർ |
| അടങ്കൽ | 500000/- (തനത്ഫണ്ട്)<br>163975/- (ധന.കമ്മീഷൻ.അവാർഡ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | 230475/- |
| ചെക്ക്നം.(തനത്ഫണ്ട്) | നം.89900/8.3.22 : 197225/-<br>നം.069258/31.3.22 : 33250/- |

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതിക്കായി ടെൻഡർ ക്ഷണിക്കുകയും ആയത് പ്രകാരം കുറഞ്ഞ നിരക്കായ 788900/- രൂപ ക്വോട്ട് ചെയ്ത ചെങ്ങമനാട്"പവർമാൻ ഇലക്ട്രിക്കൽസ് " എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തു, പ്രവർത്തന അനുമതി നൽകുകയുമുണ്ടായി. മേൽ പറഞ്ഞ പ്രകാരം 230475/-രൂപ ഓഡിറ്റ് കാലയളവിൽ അനുവദിക്കുകയുണ്ടായി. 27.7.21 മുതൽ ഒരു വർഷത്തേക്കാണ് കരാർ കാലാവധി. ടെൻഡർ പ്രകാരം പവർമാൻ ഇലക്ട്രിക്കൽസ് ക്വോട്ട് ചെയ്ത നിരക്ക് ഒരു ലൈറ്റിന് 171.50 നിരക്കിൽ ആകെ 4600 ലൈറ്റുകൾക്ക് 788900/-രൂപയാണ് . ഇത് പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. അപ്രകാരം ആകെ നാല് ഗഡുക്കളായി തിരിച്ചു, ഒന്നാം ഗഡുവായി 197225/- രൂപ 08.03.22ന് നൽകുകയുണ്ടായി. രണ്ടാം ഗഡുവിലേയ്ക്ക് 33250/-രൂപ 31.03.22.നം രണ്ടാം ഗഡുവിൽ ബാക്കി അവശേഷിക്കുന്ന തുക 163975/- രൂപ അടുത്ത സാമ്പത്തിക വർഷം(09.05.22 ന്) നൽകുകയുണ്ടായി. അപ്രകാരം രണ്ടാം ഗഡുവായി ആകെ 197225/- രൂപയും നൽകുകയുണ്ടായി.

ഫയൽ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ടെൻഡർ പ്രകാരം ക്വോട്ട് ചെയ്ത നിരക്ക് ഒരു വിളക്ക് മെയിന്റെനൻസിന് 171.50 രൂപയാണ് . കരാറിലെ വ്യവസ്ഥകൾ പ്രകാരം അതാത് വാർഡുകളിൽ മെയിന്റെനൻസ് പ്രവർത്തി നടത്തുന്ന ലൈറ്റുകളുടെ എണ്ണം വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കി തുക അനുവദിക്കേണ്ടത്. ഫയലിൽ സൂക്ഷിച്ച സാക്ഷ്യപത്ര പ്രകാരം 27.07.21 മുതൽ 31.10.21 വരെ 20 വാർഡുകളിലായി റിപ്പയർ ചെയ്തത് 634 എണ്ണം ലൈറ്റുകളാണ്. അപ്രകാരം നൽകേണ്ടിയിരുന്നത് 108731/- (171.5രൂപ X634എണ്ണം ) രൂപയാണ്. എന്നാൽ കരാറുകാരൻ ക്വോട്ട് ചെയ്ത ആകെ തുകയെ നാലായി തിരിച്ച് ഒന്നാം ഗഡുവായി 197225/-രൂപ അനുവദിച്ചു. അപ്രകാരം 88494/- രൂപ അധികമായി അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല.

2) പഞ്ചായത്ത് ലഭ്യമാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം 4143 ലൈറ്റുകളുടെ പോസ്റ്റ് നമ്പറുകളാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (വിളക്കുകളുടെ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.) എന്നാൽ ടെൻഡർ പ്രകാരം 4600 എണ്ണത്തിനാണ് കരാർ പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് തുക അനുവദിച്ചത്. അതായത് ആകെയുള്ള വിളക്കുകളുടെ എണ്ണത്തിനേക്കാൾ 457 (4600-4143) വിളക്കുകൾ കൂടുതലായാണ് കരാർ പ്രകാരം ക്വോട്ട് ചെയ്തിട്ടുള്ളതും പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതും തുക അനുവദിച്ചതും. അപ്രകാരം ഒരു വിളക്കിന് 171.50/- രൂപ നിരക്കിൽ 457 വിളക്കുകൾ 78375/- രൂപ അധികമായി പഞ്ചായത്ത് അനുവദിക്കുകയുണ്ടായി. മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/3.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ ക്രമനം.1 പ്രകാരം അധികമായി അനുവദിച്ച 88494/-രൂപയും (197225-108731=88494), ക്രമ നം. 2 പ്രകാരം അനുവദിച്ച 78375/- രൂപയും ക്രമപ്രകാരമല്ല. ആയതിനാൽ പ്രസ്തുത ചെലവ് തുകയായ 166869/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തപക്ഷം മേൽ പദ്ധതി നിർവ്വഹണം നടത്തിയവർ പ്രസ്തുത നഷ്ടത്തിന് ബാദ്ധ്യസ്ഥരാകുന്നതാണ്.

### 1-25 എസ്.എസ്.കെ.-ക്ക് വിഹിതം നൽകൽ

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.കെ.-ക്ക് വിഹിതം നൽകൽ എന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 15/22 |
| അടങ്കൽ | 662916/- (200000/- എസ്.സിപി; 462916/- ധല.ക.അവാർഡ്) |
| ചെലവ് | 662916/-(21110352020201028668/28.01.22, 214/10.02.2022) |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ. ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല. 2021-22 -ലെ മൊത്തം പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കു വഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. 2021-22 ലെ പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-22 -ലെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ഇല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവായ 662916/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-26 മരാമത്ത് പ്രവൃത്തികളുടെ പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകത കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ്ബുക്ക് (TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(4) ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

1. താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

| പേര്/സ്ഥാപനം | 2021-22 ശമ്പളം(രൂ.) | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് (രൂ.) | ഈടാക്കിയത് (രൂ.) രസീത് നം. /തീയതി | കുറവ് ഈടാക്കിയത് (രൂ.) |
| 1. കാത്തലിക് സിറിയൻ ബാങ്ക്, ഉരുത്തിപ്പുറം, ഒന്നാം അർദ്ധവർഷം. | | | | |
| 1. ഷെഫിൻഷ, ആർ. ഓ. | 150000/- | 1250 | 750 12170101283/24.09.21 | 500 |
| 2.കാത്തലിക് സിറിയൻ ബാങ്ക്, ഉരുത്തിപ്പുറം, രണ്ടാം അർദ്ധവർഷം. | | | | |
| 1. നന്ദകുമാർ എച്ച്., ബി.ഒ.എം. | 91170/- | 750 | 600 (രസീത് നം./തീയതി 12170104769 & 70/21.03.22) | 150 |
| 2. വിപിന പോൾ, ജി.എൽ.ഓ | 62496/- | 600 | 180 (രസീത് നം./തീയതി 12170104769 & 70/21.03.22) | 420 |
| 3. ഷെഫിൻഷ, ആർ. ഓ. | 150000/- | 1250 | 750 (രസീത് നം./തീയതി 12170104769 & 70/21.03.22) | 500 |

ഇതിനോടനുബന്ധിച്ച് എൻക്വയറി(നം.3/02.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 1570/- രൂപ ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 2021-22 | 765200 | ലൈഫ് ഭവന നിർമ്മാണം(പ്രോജക്ട് നമ്പർ-74) | 765200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 2021-22 | 190000 | ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(പ്രോജക്ട് നമ്പർ-73) | 190000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2021-22 | 800000 | ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(പ്രോജക്ട് | 800000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നമ്പർ-77) | | |
| ബ്ലോക്ക് പഞ്ചായത്ത് | | മുൻവർഷം ലഭിച്ചത് | 200000 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം-17 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2021-22 | 116559 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം-153 | 116559 | |
| ബ്ലോക്ക് പഞ്ചായത്ത് | | 2021-22 | 254550 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 254550 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2021-22 | 15000 | വിശപ്പ് രഹിത കേരളം-140 | 15000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2021-22 | 300000 | പാലിന് സബ്സിഡി ജനറൽ-10 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | മുൻവർഷം ലഭിച്ചത് | 396701 | തോടുകളുടെ ശുചീകരണം-123 | 396701 | 0 |
| ആകെ | | | 3038010 | | 3038010 | 0 |
| ജില്ലാ പഞ്ചായത്ത് | - | 2021-22 | 320000 | ലൈഫ് ഭവന നിർമ്മാണം(പ്രോജക്റ്റ് നമ്പർ-73) | 320000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 50000 | പാലിന് സബ്സിഡി -10 | 50000 | |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 820000 | ലൈഫ് ഭവന നിർമ്മാണം(പ്രോജക്റ്റ് നമ്പർ-74) | 820000 | |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 1489525 | കുര്യപ്പിള്ളി വള്ളാട്ടുതറ റോഡ് മെയിന്റനൻസ്-163 | 1489525 | 0 |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 2364109 | തറയിൽകവല കൊട്ടുവള്ളിക്കാട് റോഡ് മെയിന്റനൻസ് | 2364109 | |
| ജില്ലാ പഞ്ചായത്ത് | | 2021-22 | 50000 | ഭവന നിർമ്മാണം -133 | 50000 | |
| ആകെ | 0 | | 5443634 | | 5443634 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 111/22 സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 22101331 / 03.08.21 | 592218/- | 0 | 592218 |
| KSEB | ഗ്യാസ് ശ്മശാനം വൈദ്യുതീകരണം | 22101409 / 11.09.21 | 7609/- | 0 | 7609 |

.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

.

## 4-5 വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.സി ലോൺ | ജി.ഒ. എം.എസ് 2278/ തസ്വഭവ 18.8.2018 | - | 32648000 | 2771999 | - | 29876001 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 2,00,00,000 |
| ആകെ | 2,00,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് 1750/-രൂപയുടെ വരവുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം,ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം തിയതി |
|---|---|---|---|---|
| 2019-20 | 1-21 | 1250 | സ്മിത വി.ആർ | 121170102750 /15.12.2021 |
| 2019-20 | 1-21 | 500 | സുരേഷ് കുമാർ എസ്. | 121170102772 /17.12.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | BSNL ഒഴികെ, തുക ഒടുക്കിയിട്ടുണ്ട് |
| | 2-3 | | 2-3 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |
| 2015-16 | 2-2 | | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,28,76,328 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,61,00,581 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,570 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,97,100 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 1,570 | ഇല്ല | ശ്രീ ജയിൻ വർഗ്ഗീസ് പാത്താടൻ , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,07,037 | ശ്രീ ഷിബു.എം.കെ,സെക്രട്ടറി |
| 1-18 | 11,665 | ശ്രീ ജയിൻ വർഗ്ഗീസ് പാത്താടൻ,സെക്രട്ടറി |
| 1-20 | 6,13,555 | ഡോ.ശോഭ, മെഡിക്കൽ ഓഫീസർ , സി,എച്ച്.സി |
| 1-21 | 1,22,450 | ഡോ.അനിൽ കുമാർ, മെഡിക്കൽ ഓഫീസർ , ഹോമിയോ |
| 1-22 | 71,208 | ശ്രീ പ്രസാദ്.ടി.എസ് ,സെക്രട്ടറി |
| 1-23 | 41,400 | ശ്രീമതി സുലേഖ,ഫിഷറീസ് ഇൻസ്പെക്ടർ |
| 1-24 | 1,66,869 | ശ്രീ ജയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി. |
| 1-25 | 6,62,916 | ശ്രീ സാബു ഹെഡ്മാസ്റ്റർ |
| ആകെ | 20,97,100 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിബു.എം.കെ സെക്രട്ടറി | സെക്രട്ടറി പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് | മംഗലംപറമ്പിൽ, മനയ്ക്കപ്പടി , കരുമാലൂർ, പി.ഒ, പറവൂർ |
| ശ്രീ പ്രസാദ് ടി.എസ്. സെക്രട്ടറി | സെക്രട്ടറി വടക്കേക്കര ഗ്രാമപഞ്ചായത്ത് | താന്നിക്കുഴിയിൽ, നീലീശ്വരം, കാലടി-683514 |
| ശ്രീ ജയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി | സെക്രട്ടറി വടക്കേക്കര ഗ്രാമപഞ്ചായത്ത് | ജെയിൻ വർഗ്ഗീസ് പാത്താടൻ, കലപ്പറമ്പത്ത്, അന്നമനട പി.ഒ. 680741. |

| | | |
|---|---|---|
| ഡോ.അനിൽകുമാർ മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ വടക്കേക്കര ഹോമിയോ ഡിസ്പെൻസറി | കണിയാംപടിക്കൽഹൗസ്, ഐശ്വര്യനഗർ, ഇന്ദിര ബൈറോഡ്. ഇടപ്പള്ളി, കൊച്ചി -24 |
| ഡോ.ശോഭ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മൂത്തകുന്നം | അശ്വതി ഹൗസ് ഈസ്റ്റ് കടുങ്ങല്ലൂർ ആലുവ |
| ശ്രീമതി സുലേഖ,എം.എൻ | ഫിഷറീസ് ഇൻസ്പെക്ടർ, വടക്കേക്കര ഗ്രാമപഞ്ചായത്ത് | കോർട്ടേഴ്സ് നമ്പർ-1114,8/47 എൻ.ജി.ഒ.കോർട്ടേഴ്സ് തൃക്കാക്കര |
| ശ്രീ സാബു | ഹെഡ്മാസ്റ്റർ എൽ.പി.സ്കൂൾ വള്ളുവള്ളി | കളവംപാറ വീട് കൊട്ടുവള്ളിക്കാട് മൂത്തകുന്നം.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016 /23.07.16 |
| 2015-16 | കെ എസ് എ -ഇകെ എം(പി4)1175/2016 /23.07.16 |
| 2016-17 | കെ എസ് എ- ഇ കെ എം(പി12) 1514/2017 /26.07.2017 |
| 2017-18 | കെ എസ് എ- ഇ കെ എം(പി12) 10/2019 /23.03.2019 |
| 2018-19 | കെ എസ് എ- ഇ കെ എം(പി12)248/2020 /18.03.2020 |
| 2019-20 | കെ എസ് എ- ഇ കെ എം(പി12)1916/2021 /04.07.2022 |
| 2020-21 | കെ എസ് എ- ഇ കെ എം(പി12)1917/2021 /04.07.2022 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്